കോടശ്ശേരി ട്രൈബൽ സഹകരണ സംഘം ക്ലിപ്തം ആർ. 3895 -ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74-പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(23)

നമ്പർ JRGTSR/153/2026/AEL/K Dis. 2026 ഏപ്രിൽ 23.

വിഷയം:— ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്.

സൂചന: — (1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (Credit) തിരുവനന്തപുരത്തിന്റെ 16-8-1975-ലെ S-24240/75-NDis. നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 19-1-2026-ലെ മേൽ നമ്പർ ഉത്തരവ്.

(3) 9-2-2026-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025-തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുകുന്ദപുരത്തിന്റെ 11-3-2026-ലെ ARGMKM/32/2026-UI-1 നമ്പർ കത്തും അനുബന്ധങ്ങളും.

ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈകൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104 തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്ന തിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ 31-10-1975-ന് ചാർജ്ജെടുത്തെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, ആസ്തികൾ ഈടാക്കിയതിനും ബാധ്യതകൾ കൊടുത്തുതീർത്തതിനും ശേഷം വരവ് ചെലവുകൾ ക്രമപ്പെടുത്തി ബാക്കി നിൽക്കുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുകുന്ദപുരം ഓഫീസിൽ വെച്ച് 9-2-2026-ന് പകൽ 11 മണിക്ക് നടത്താൻ തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽമുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69(9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് മുകുന്ദപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മുകുന്ദപുരം അസിസ്റ്റന്റ് (ഓഡിറ്റ്) ഓഫീസ്, ഇരിഞ്ഞാലക്കുട സർവീസ് സഹകരണ ബാങ്ക്, കേരളാ ബാങ്ക് ഇരിഞ്ഞാലക്കുട ബ്രാഞ്ച്, ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി ഓഫീസ്, മാനവലശ്ശേരി വില്ലേജ് ഓഫീസ് എന്നീ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല. സൂചന (2) ഉത്തരവിനു ശേഷം സംഘത്തിൽ ലഭ്യമായ തുകയിൽ നിന്നും 15% തുകയായ 18,337 2-3-2026 തീയതിയിലെ നമ്പർ ചെലാൻ പ്രകാരം ലിക്വിഡേഷൻ ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കുകയും ബാക്ക് നിൽപ് തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഇരിഞ്ഞാലക്കുട ഗവൺമെന്റ് സെർവെന്റ്സ് സഹകരണ സംഘം ക്ലിപ്തം 104-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74-പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(24)

നമ്പർ JRGTSR/4713/2025/AEL/K Dis. 2026 ജനുവരി 19.

വിഷയം:— ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 766 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്.

സൂചന: —(1) ഈ ഓഫീസിലെ 28-12-2000-ലെ AEL/5756/99 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 11-9-2025-ലെ മേൽ നമ്പർ ഉത്തരവ്.

(3) 13-10-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചാലക്കുടിയുടെ 15-12-2025-ലെ ARGCKDY/815/2025-UI-2 നമ്പർ കത്തും അനുബന്ധങ്ങളും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 766-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈക്കൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 766 തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 31-1-2001-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ലഭ്യമായ 1999-2000 കാലഘട്ടത്തിലെ ബാക്കിപത്രത്തിന്റെ അടിസ്ഥാനത്തിൽ ചാർജ്ജെടുത്തതെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, വരവ് ചെലവുകൾ ക്രമപ്പെടുത്തി നിലവിൽ ബാക്കി നിൽക്കുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം 192-ാം നമ്പർ ചാലക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ വെച്ച് 20-11-2025-ന് പകൽ 11 മണിക്ക് നടത്താൻ തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69(9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് ചാലക്കുടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക്, കേരളാ ബാങ്ക് ചാലക്കുടി ബ്രാഞ്ച്, ചാലക്കുടി വില്ലേജ് ഓഫീസ് ചാലക്കുടി സബ് രജിസ്ട്രാർ ഓഫീസ്, ചാലക്കുടി താലൂക്ക് ഓഫീസ് എന്നീ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി.എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല. സൂചന (2) ഉത്തരവിനുശേഷം സംഘത്തിൽ ലഭ്യമായ തുകയിൽ നിന്നും 15% തുകയായ ₹ 4,491 രൂപ 15-1-2026 തീയതിയിലെ KL042355540202526M നമ്പർ ചെലാൻ പ്രകാരം ലിക്വിഡേഷൻ ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കുകയും ബാക്ക് നിൽപ് തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 799-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 766-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചാലക്കുടി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം 766-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(25)

നമ്പർ JRGTSR/4695/2025/AEL/K Dis. 2026 ജനുവരി 13.

വിഷയം:— എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725 സമാപ്തീകരണം— രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന:— (1) ബഹു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ 28-4-1960-ലെ A3-1443/58 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 9-9-2025-ലെ മേൽ നമ്പർ ഉത്തരവ്.

(3) 13-10-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 1-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025-തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം

(5) ലിക്വിഡേറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചാലക്കുടിയുടെ 24-11-2025-ലെ ARGCKDY/807/2025-OI-1 നമ്പർ കത്തും അനുബന്ധങ്ങളും.

എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈക്കൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725 തികച്ചും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 16-12-1960-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ലഭ്യമായ 1955-96 കാലഘട്ടത്തിലെ ബാക്കിപത്രത്തിന്റെ അടിസ്ഥാനത്തിൽ ചാർജ്ജെടുത്തതെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, വരവ് ചെലവുകൾ ക്രമപ്പെടുത്തി സംഘത്തിന്റെ 1-9-2025 തീയതിയിലെ ബാക്കിപത്രം പ്രകാരം നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ടുകെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം 159-ാം നമ്പർ അന്നമനട സർവീസ് സഹകരണ ബാങ്കിന്റെ മാമ്പ്ര ശാഖയിൽ വെച്ച് 13-10-2025-ന് പകൽ 11 മണിയ്ക്ക് നടത്താൻ തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69(9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് ചാലക്കുടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മുകുന്ദപുരം സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, മുകുന്ദപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മുകുന്ദപുരം താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ഓഫീസ്, കേരളാ ബാങ്ക് അന്നമനട ബ്രാഞ്ച്, വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, സമീപപ്രദേശത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളായ അന്നമനട സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസ്, മാമ്പ്ര ബ്രാഞ്ച് ഓഫീസ് അന്നമനട ടൗൺ മാർക്കറ്റിംഗ് സഹകരണ സംഘം, മാള മൾട്ടി പർപ്പസ് സഹകരണ സംഘം, തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം പൊതുയോഗം സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

എരയാംകുടി കർഷക സഹകരണ സംഘം ക്ലിപ്തം 725-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചു കൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74-പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(26)

നമ്പർ JRGTSR/4684/2025/AEL/K Dis. 2026 ജനുവരി 8.

വിഷയം:—ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133-സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന: —(1) ബഹു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ 2-6-1967-ലെ G3-11760/67 നമ്പർ ഉത്തരവ്.

(2 ഈ ഓഫീസിലെ 9-9-2025-ലെ മേൽ നമ്പർ ഉത്തരവ്.

(3) 15-10-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025-തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുകുന്ദപുരത്തിന്റെ 20-12-2025-ലെ ARGMKM/834/2025-OI-1 നമ്പർ കത്തും അനുബന്ധങ്ങളും.

ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈകൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133 തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരി ക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 11-10-1967-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ്ജെടുത്തെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, ലഭ്യമായ 31-3-2008-ലെ ബാക്കിപത്രത്തിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവുകൾ ക്രമപ്പെടുത്തി ബാക്കിപത്രം തയ്യാറാക്കുകയും ആയതിൽ നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ടുകെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആസ്തി ബാധ്യതകൾ എഴുതിത്തള്ളിയതിനുശേഷം ബാക്കി നിൽക്കുന്ന 436399.66 രൂപയിൽ നിന്നും 15% തുകയായ 65460 രൂപ സർക്കാരിലേക്ക് ഒടുക്കുകയും ബാക്ക് നിൽക്കുന്ന 182799.66 രൂപ സമാപ്തീകരണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വെച്ച് 15-10-2025-ന് പകൽ 11 മണിക്ക് നടത്താൻ തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽ വിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69(9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മുകുന്ദപുരം സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, മുകുന്ദപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരളാബാങ്ക് ഇരിഞ്ഞാലക്കുട ബ്രാഞ്ച്, പടിയൂർ വില്ലേജ് ഓഫീസ്, പടിയൂർ പഞ്ചായത്ത് ഓഫീസ്, പടിയൂർ സബ് രജിസ്ട്രാർ ഓഫീസ്, സമീപപ്രദേശത്തുള്ള സർവ്വീസ് സഹകരണ സംഘമായ എടതിരിഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം പൊതുയോഗം സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133 -ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഒലിയാപുരം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം 133 -ന്റെ സമാപ്തീകരണം പൂർത്തീകരിച്ചു കൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74-പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(27)

നമ്പർ JRGTSR/4439/2025/AEL/K Dis. 2025 ആഗസ്റ്റ് 11.

വിഷയം:—സഹകരണ വകുപ്പ് തൃശൂർ ജില്ല—എളവള്ളി മേഖല കൺസ്ട്രക്ഷൻ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ 976—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന: —(1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-11-2023-ലെ ARGCVD/364/2023-OI നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മുല്ലശ്ശേരി യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 30-12-2024-ലെ JRGTSR/4439/2024/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട എളവള്ളി മേഖല കൺസ്ട്രക്ഷൻ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തംആർ. 976 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൃശൂർ ജില്ലയിലെ, ചാവക്കാട് താലൂക്കിൽ എളവള്ളി ആസ്ഥാനമാക്കി 16-10-1997-നു രജിസ്റ്റർ ചെയ്യപ്പെട്ട് 21-11-1997-നു പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായി നിലച്ചതിനാൽ സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. എളവള്ളി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന സംഘത്തിൽ 2013-14 കാലഘട്ടം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടി ഓഡിറ്റ് കണക്ക് പ്രകാരം ₹ 8,250 ഓഹരി മൂലധനവും, ₹ 3,554 ക്യാഷ് ബാലൻസും ₹ 2,955 ബാങ്ക് ബാലൻസും കാണുന്നു. സംഘത്തിന് സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്തതാണ്.

സംഘം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് പോകാൻ അംഗങ്ങൾ തയ്യാറാകുന്നില്ലെന്നും, സംഘം പുനരുദ്ധരിക്കുന്നതിനോ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ ആവശ്യമായ അംഗങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും വകുപ്പ് 66 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

എളവള്ളി മേഖല കൺസ്ട്രക്ഷൻ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ. 976-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മുല്ലശ്ശേരി യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ്ജ് എടുത്ത തീയതിയിലെ കടധനപട്ടിക ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കോർഡുകളുടെയും പട്ടിക ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(28)

നമ്പർ JRGTSR/4436/2025/AEL/K Dis. 2025 ആഗസ്റ്റ് 11.

വിഷയം:— സഹകരണ വകുപ്പ്—തൃശ്ശൂർ ജില്ല—ചാവക്കാട് മുനിസിപ്പാലിറ്റി കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 901 സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന: — (1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-11-2023-ലെ ARGCVD/184/2023-O1 നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 30-12-2024-ലെ JRGTSR/4436/2024/AEL നമ്പർ കത്ത്.

തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ചാവക്കാട് മുനിസിപ്പാലിറ്റി കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 901 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ, ചാവക്കാട് താലൂക്കിൽ ചാവക്കാട് മുനിസിപ്പാലിറ്റി ആസ്ഥാനമാക്കി 29-8-1992-ന് രജിസ്റ്റർ ചെയ്യപ്പെട്ട് 30-8-1992-ന് പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായി നിലച്ചതിനാൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണം നടത്തിയിട്ടുള്ളതാണ്. ചാവക്കാട് മുനിസിപ്പാലിറ്റി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന സംഘത്തിൽ 2013-14 കാലഘട്ടം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടി ഓഡിറ്റ് കണക്ക് പ്രകാരം ₹ 6,710 ഓഹരി മൂലധനവും ₹ 19,828.9-യുടെ വായ്പാ ബാക്കി നിൽപ്പും കാണുന്നു. ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ "RNA" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനസ്ഥാപിക്കുന്നതിനോ സാധ്യമല്ലെന്നും വകുപ്പ് 66 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

ചാവക്കാട് മുനിസിപ്പാലിറ്റി കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 901-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ്ജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(29)

നമ്പർ JRGTSR/4746/2025/AEL /K dis. 2025 സെപ്റ്റംബർ 18.

വിഷയം:— തൃശ്ശൂർ ജില്ല—ആയുർവേദിക് റോ മെറ്റീരിയൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 296 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്

സൂചന: — (1) സംഘം ലിക്വിഡേറ്ററുടെ 1-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(2) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ-ന്റെ 27-8-2025-ലെ കത്ത്.

(3) സഹകരണ സംഘം തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGTSR/1354/2025/UI(3) നമ്പർ കത്ത്.

തൃശ്ശൂർ ജില്ലാ ആയുർവേദിക് റോ മെറ്റീരിയൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 296-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശ്ശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലാ ആയുർവേദിക് റോ മെറ്റീരിയൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 296 പൂർണ്ണമായും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരള ബാങ്കിലും ബന്ധപ്പെട്ട സർവീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ, മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ സൂചന (2) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

തൃശ്ശൂർ ജില്ലാ ആയുർവേദിക് റോ മെറ്റീരിയൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 296-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(30)

നമ്പർ JRGTSR/4409/2024/AEL. 2025 ആഗസ്റ്റ് 5.

വിഷയം:— സഹകരണ വകുപ്പ്— ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം ആർ. 755—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്

സൂചന: — (1) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)- ന്റെ 25-11-2023-ലെ കത്ത്.

(2) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ വടക്കാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക്-തൃശ്ശൂർ-റീജിയൺ-ജനറൽ മാനേജർ എന്നിവർക്ക് 30-12-2024-ന് നൽകിയ മേൽ നമ്പർ കത്തുകൾ.

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്കിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം ആർ. 755 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെക്കുറിച്ചോ അംഗങ്ങളെ കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും സാധ്യമല്ലെന്നും സംഘത്തിന് സ്വന്തമായി ഭൂമിയോ, കെട്ടിടമോ ഉണ്ടോയെന്നും സർക്കാർ കുടിശ്ശിക ഉണ്ടോയെന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും, വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയും പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം ആർ. 755-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ & ഇ 2 ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ്ജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(31)

നമ്പർ JRGTSR/4416/2024/AEL. 2025 ആഗസ്റ്റ് 6.

വിഷയം:—സഹകരണ വകുപ്പ്—ശ്രീ വ്യാസ NSS കോളേജ് സഹകരണ സംഘം ക്ലിപ്തം ആർ. 779—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന: —(1) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)- ന്റെ 25-11-2023-ലെ കത്ത്.

(2) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ വടക്കാഞ്ചേരി യൂണിറ്റ്
ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ ചെയർമാൻ, കേരള ബാങ്ക്-തൃശ്ശൂർ-റീജിയൺ-ജനറൽ മാനേജർ എന്നിവർക്ക് 28-12-2024-ന് നൽകിയ മേൽ നമ്പർ കത്തുകൾ.

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്കിൽ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ശ്രീ വ്യാസ NSS കോളേജ് സഹകരണ സംഘം ക്ലിപ്തം ആർ. 779 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെക്കുറിച്ചോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അംഗങ്ങളെ കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും സാധ്യമല്ലെന്നും 1997-98-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയോ കെട്ടിടമോ ഉള്ളതായി കാണുന്നില്ലായെന്നും 1750 രൂപ സർക്കാരിലേക്കും 4409 രൂപ ഓഡിറ്റ് ഇനത്തിലും കുടിശ്ശിക ഉള്ളതായി കാണുന്നുണ്ടെന്നും സംഘത്തിന് 6457 രൂപയുടെ മൂലധനം ഉണ്ടെങ്കിലും യാതൊരു വിധത്തിലും സംഘം പ്രവർത്തനം പുനരാരംഭിക്കാൻ സാധ്യതയില്ലയെന്നും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയും പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ശ്രീ വ്യാസ NSS കോളേജ് സഹകരണ സംഘം ക്ലിപ്തം ആർ. 779--ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ & ഇ 2 ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ്ജ് എടുത്ത തീയതിയിലെ കടധനപട്ടിക ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(32)

നമ്പർ JRGTSR/2522/2023/AEL 1/K dis. 2025 സെപ്റ്റംബർ 18.

വിഷയം:—തൃശൂർ ജില്ല—തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ 617 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്.

സൂചന: —(1) ഈ ഓഫീസിലെ 15-3-1975 തീയതിയിലെ 2842/1975 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 1-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(3) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ-ന്റെ 27-8-2025-ലെ AD(A) TSR/43/2025 നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) സഹകരണ സംഘം തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGTSR/1354/2025/UI(3) നമ്പർ കത്ത്.

തൃശ്ശൂർ ജില്ല തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ 617-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശ്ശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ല തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ 617 പൂർണ്ണമായും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരളബാങ്കിലും ബന്ധപ്പെട്ട സർവീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

തൃശ്ശൂർ ജില്ല തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ 617-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(33)

നമ്പർ JRGTSR/4745/2025/AEL 1/K dis. 2025 സെപ്റ്റംബർ 16.

വിഷയം:— ചെമ്പൂക്കാവ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 102 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന: — (1) സംഘം ലിക്വിഡേറ്ററുടെ 1-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(2) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ-ന്റെ 27-8-2025-ലെ കത്ത്.

(3) സഹകരണ സംഘം തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGTSR/1354/2025/UI(3) നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെമ്പൂക്കാവ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 102-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശ്ശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

ചെമ്പൂക്കാവ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 102-പൂർണ്ണമായും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്ന തിനാലും സമാപ്തീകരിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരളബാങ്കിലും ബന്ധപ്പെട്ട സർവീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ സൂചന (2) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചെമ്പൂക്കാവ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 102-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റെക്കോർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(34)

നമ്പർ JRGTSR/2678/2021/AEL 1/K Dis. 2025 സെപ്റ്റംബർ 16.

വിഷയം:— അന്തിക്കാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 84 സമാപ്തീകരണം— രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്

സൂചന: —(1) ഈ ഓഫീസിലെ 9-8-1973 തീയതിയിലെ CRB/49062/1969 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 1-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(3) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ-ന്റെ 27-8-2025-ലെ AD(A)TSR/43/2025 നമ്പർ കത്ത്.

(4) സഹകരണ സംഘം തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGTSR/1199/2025/UI(7) (4) നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അന്തിക്കാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 84-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന 4 പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശ്ശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

അന്തിക്കാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 84 പൂർണ്ണമായും പ്രവർത്തനരഹിത മായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരള ബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അന്തിക്കാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 84-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റെക്കോർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് (ഒപ്പ്)
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, തൃശ്ശൂർ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Digitally signed by V JAYAKUMAR
Date:2026.06.30 03:50:31 +05:30